**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

(ഹാജർ : യു.വി. ജോസ് ഐ.എ.എസ്)

വിഷയം: ഐ&പി.ആർ.ഡി. - COVID 19 Cell-വകുപ്പ് ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ടും പുതിയ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചും - ഉത്തരവാകുന്നു.

സൂചന:- 18/03/2020-ലെ എ 1/63/2020/ഐ & പി. ആർ. ഡി നമ്പർ നടപടിക്രമം.

---

ഉത്തരവ് നം. എ 1/ 63/2020/ഐ&പി.ആർ.ഡി. തിരുവനന്തപുരം, തീയതി : 23-03-2020.

---

സൂചന ഉത്തരവ് പ്രകാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിൽ സ്റ്റേറ്റ് നോഡൽ ഓഫീസർ, മേഖലാ നോഡൽ ഓഫീസർ, ജില്ലാ നോഡൽ ഓഫീസർ എന്നിവരെ ഉൾപ്പെടുത്തി COVID 19 Cell രൂപീകരിച്ച് ഉത്തരവായിരുന്നു.

പ്രസ്തുത സെല്ലിന്റെ പ്രവർത്തനം സജ്ജമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിലേയ്ക്കുമായി ചുവടെ പരാമർശിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു കൊണ്ടും കൂടി ഉത്തരവാകുന്നു.

1. COVID 19 പ്രതിരോധവുമായി ബന്ധപ്പെട്ട് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പുറപ്പെടുവിച്ച് ഉത്തരവ് പ്രകാരം എല്ലാ മേഖലാ നോഡൽ ഓഫീസർമാരും സമർപ്പിക്കേണ്ടതായ പ്രവർത്തന റിപ്പോർട്ട് **<u>അതാത് ദിവസം വൈകുന്നേരം 6 മണിക്ക് മുമ്പായി</u>** prdpostbox@gmail.com എന്ന email വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

2. COVID 19 Cell -ന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിലേയ്ക്കുമായി വകുപ്പ് ഡയറക്ടറേറ്റിലെ ചുവടെ പരാമർശിക്കുന്ന ഉദ്യോഗസ്ഥരെ കൂടി പ്രസ്തുത സെല്ലിൽ ഉൾപ്പെടുത്തി ഉത്തരവാകുന്നു.

(i) അഡീഷണൽ ഡയറക്ടർ (EMD)
(ii) വകുപ്പ് ഡയറക്ടറേറ്റിലെ എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർ
(iii) ഇൻഫർമേഷൻ ഓഫീസർ (പ്രസ് റിലീസ്)
(iv) ഇൻഫർമേഷൻ ഓഫീസർ (ഫീൽഡ് പബ്ലിസിറ്റി)
(v) ഇൻഫർമേഷൻ ഓഫീസർ (പ്ലാനിംഗ്)

3. COVID 19 പ്രവർത്തനങ്ങൾ സംബന്ധിച്ച് മേഖലാ നോഡൽ ഓഫീസർമാർ അയയ്ക്കുന്ന റിപ്പോർട്ടുകൾ ക്രോഡീകരിച്ച് ചീഫ് സെക്രട്ടറിയുടെ ഓഫീസിനും പൊതുഭരണ (കോർഡിനേഷൻ) വകുപ്പിനും യഥാസമയം നൽകേണ്ട ചുമതല ഡെപ്യൂട്ടി ഡയറക്ടർ (മീഡിയ റിലേഷൻസ്) നിർവ്വഹിക്കേണ്ടതാണ്. കോർഡിനേറ്റിംഗ് & ന്യൂസ് എഡിറ്റിംഗ് വിഭാഗം ഇൻഫർമേഷൻ ഓഫീസർ ഇതിന് വേണ്ട സഹായം നൽകേണ്ടതാണ്. അതോടൊപ്പം തന്നെ വകുപ്പിന്റെ അധീനതയിലുള്ള പ്രിസം പദ്ധതിയിലെ ജീവനക്കാർ Paid Internees എന്നിവരുടെ സേവനം കൂടി ലഭ്യമാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

യു.വി. ജോസ് ഐ.എ.എസ്,
ഡയറക്ടർ.

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്.
വകുപ്പ് ഡയറക്ടറേറ്റിലെ എല്ലാ ഉദ്യോഗസ്ഥർക്ക്.
എല്ലാ സെക്ഷൻ ഓഫീസർമാർക്ക്.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് സെക്രട്ടറിയുടെ പി. എ-യ്ക്ക്.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (ബി) വകുപ്പ്.
ഡയറക്ടറുടെ / അഡീ.ഡയറക്ടറുടെ (Genl. & Admin/EMD)/ ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ.യ്ക്ക്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ